# കേരളസംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം - ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ്- ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രമോഷൻ അനുപാതം പുതുക്കി നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

നം:ഇ1.8729/16/ഡി.സി തിരുവനന്തപുരം, തീയതി:19/07/2016

പരാമർശം:- 20.01.2016 ലെ ജി.ഒ.(പി) നം.7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

1. പരാമർശ ഉത്തരവ് പ്രകാരം കോമൺ കാറ്റഗറിയിൽപ്പെട്ട ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, യുഡി ടൈപ്പിസ്റ്റ്,ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് എന്നിവയുടെ നിലവിലുള്ള 1:1:1 എന്ന റേഷ്യോ പ്രമോഷൻ അനുപാതം, യുഡി ടൈപ്പിസ്റ്റിൽ നിന്നും അടുത്ത ഗ്രേഡ് പ്രൊമോഷൻ തസ്തികയായി **ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ്** എന്ന തസ്തിക കൂടി ഉൾപ്പെടുത്തി 1:1:1:1 എന്ന ക്രമത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.നിലവിലുള്ള 1:1:1 എന്ന റേഷ്യോ പ്രമോഷൻ അനുപാതം പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ, 10 - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, 10-യു.ഡി.ടൈപ്പിസ്റ്റ് -10, 11-എൽ.ഡി. ടൈപ്പിസ്റ്റ് എന്ന ക്രമത്തിലാണ് .

2. ആയതിനാൽ മേൽ പരാമർശ സർക്കാർ ഉത്തരവിൻ പ്രകാരം, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ ചുവടെ കൊടുത്തിട്ടുള്ള പ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് | - | 7 |
| ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് | - | 7 |
| യുഡി ടൈപ്പിസ്റ്റ് | - | 7 |
| ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 10 |

3. പ്രസ്തുത റേഷ്യോ പ്രകാരം 01/04/2016 പ്രാബല്യത്തിൽ ജീവനകാർക്ക് ഗ്രേഡ് പ്രമോഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

ഒപ്പ്/-
പി.ഹരിപ്രസാദ്
ഡ്രഗ്സ് കൺട്രോളർ

എല്ലാ ജില്ലാ/മേഖലാ മേധാവികൾക്ക്

പകർപ്പ്:-

1. കരുതൽ ഫയൽ,
2. സ്റ്റോക്ക് ഫയൽ.
3. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്